LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി

31 [1441] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ തോപ്പുമുക്ക്-മൂന്നാംമൂട് റോഡ് നിർമ്മാണ ചുമതലയുടെ കരാർ ഉറപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) കരാർ പ്രകാരം ഈ റോഡ് നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കേണ്ടതായിരുന്നു;

(സി) റോഡ് നിർമ്മാണം വളരെ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ മൂന്നാംഭാഗം നിർമ്മാണ പ്രവർത്തനത്തിന്റെ കരാർ എന്നാണ് ഉറപ്പിച്ചത്;

(ഇ) നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(എഫ്) നഗരത്തിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002 ജൂലൈ മാസം.

(ബി) 2003 മാർച്ച് മാസം.

(സി) ഗതാഗതം തടസ്സപ്പെടുത്താതെയുള്ള നിർമ്മാണ പ്രവർത്തനവും ചെയ്തു തീർത്ത പണിയുടെ തുക കിട്ടുന്നതിനുള്ള കാലതാമസവുമാണ് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം.

(ഡി) 2003 ഏപ്രിൽ മാസം.

(ഇ) പുരോഗമിച്ചുവരുന്നു.

(എഫ്) സ്വീകരിച്ചുവരുന്നു.

അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട്-ശബരിമല റോഡിന്റെ നിർമ്മാണം

32 [1442] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട്-ശബരിമല റോഡിന്റെ പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത റോഡ് പൂർത്തീകരിക്കാൻ എന്തെങ്കിലും സാമ്പത്തിക സഹായത്തിനായി ശ്രമിക്കുന്നുണ്ടോ;

(ഡി) ഈ റോഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടുണ്ട്.

(ബി—ഡി) ഇത് സംബന്ധിച്ച് വിശദമായ സർവ്വേ നടത്തിവരികയാണ്.

പടിഞ്ഞാറത്തറ-പുഴിത്തോട് റോഡിന്റെ നിർമ്മാണപ്രവർത്തനം

33 [1443] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയെ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പടിഞ്ഞാറത്തറ-പുഴിത്തോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിൽനിന്ന് അനുമതി തേടുന്നതിന് അധികൃതരുടെ ഭാഗത്ത് അലംഭാവം ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ തടസ്സങ്ങളും നീക്കി റോഡ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡിന്റെ വനഭൂമിയിലൂടെയുള്ള നിർമ്മാണ പ്രവർത്തനത്തിന് 1994 ഫെബ്രുവരിയിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല. 2-7-2004-ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടേയും വനം വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻമാരും വനം വകുപ്പുദ്യോഗസ്ഥൻമാരും ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്താൻ തീരുമാനമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly